നടപടിയെടുക്കാൻ ഈ ഗവൺമെന്റിനെ പ്രേരിപ്പിച്ച ഘടകമെന്താണ്? കാർഷി കോൽപ്പന്നങ്ങൾക്കുപോലും സെയിൽസ്ടാക്സ് ഇളവ് അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുപയോഗിക്കുന്ന ഔട്ട് ബോർഡ് എൻജിനുള്ള എല്ലാ സെയിൽസ്ടാക്സും പൂർണ്ണമായും ഗവൺമെന്റ് ഒഴിവാക്കണം. എൻ.സി.ഡി. സി. കൊടുക്കുന്ന വായ്പയ്ക്കുള്ള സബ്സിഡിയും അതിന്റെ സബ്സിഡി യ്ക്കുള്ള ഷെയർ ക്യാപ്പിറ്റൽ സബ്സിഡിയും ഗവൺമെന്റ് നിലനിർത്തണം. പ്രവർത്തിക്കുന്ന എല്ലാ ഔട്ട്ബോർഡ് എഞ്ചിനുകൾക്കും എല്ലാ വള്ള ങ്ങൾക്കും മണ്ണെണ്ണ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യ ങ്ങൾ ഗൗരവമായി പരിഗണിക്കണം. ഈ മത്സ്യമേഖലയെ സംഘർഷാത്മക മായ മേഖലയാക്കി മാറ്റാൻ ഗവൺമെന്റ് അനുവദിക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമ കൃഷ്ണൻ) : സർ, മാറിയതിന്റെ ലക്ഷണമൊക്കെ കാണുന്നുണ്ട്, മുൻ ഗവൺമെന്റിന്റെ കാലത്തുനടന്ന കാര്യങ്ങളെപ്പറ്റി ശ്രീ. എ.വി. താമരാക്ഷന് ഒരു പരാതിയുമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഈ ഗുലുമാ ലൊക്കെ വന്നത് എന്നാണ് താമരാക്ഷന്റെ അഭിപ്രായം. ഔട്ട് ബോർഡ് മോട്ടോറിന് മുൻ സർക്കാരിന്റെ കാലത്ത് സെയിൽസ് ടാക്സ് ചുമത്തിയി രുന്നു. അതിനെപ്പറ്റിയൊന്നും മിണ്ടുന്നില്ല. ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം 15 കുതിരശക്തിയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് പൂർണ്ണമായും സെയിൽസ് ടാക്സ് ഒഴിവാക്കിയിരുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളി ലേയും വിൽപ്പന നികുതി ഏകീകരിക്കുന്നതിന്റെ ഭാഗമായി, ഒഴിവാക്കിയി രുന്ന നികുതി പുനഃസ്ഥാപിക്കേണ്ടിവന്നു. ഇതുമൂലം മത്സ്യത്തൊഴിലാളി കൾക്ക് ബുദ്ധിമുട്ടുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടയുടനെ ഇതു പരിഹരിക്കുന്നതിനുള്ള നടപടി ആലോചിച്ചുവരികയാണ്. മണ്ണെണ്ണ പെർമിറ്റു നൽകുന്നതിനായി സിവിൽ സപ്ലൈസിലേയും മത്സ്യ ഫെഡിലേയും ഉദ്യോഗ സ്ഥൻമാർ കേരളത്തിൽ എല്ലാ മത്സ്യബന്ധന എൻജിനുകളും 16.1.2000-ന് ഒരു ദിവസംകൊണ്ട് വെരിഫിക്കേഷൻ നടത്തിക്കഴിഞ്ഞു. മുമ്പ് ഈ പെർമിറ്റ് കിട്ടിയിരുന്ന ആളുകൾ അതുപയോഗിച്ചിട്ടുമുണ്ട്; അവർക്ക് ബോട്ട് ഇപ്പോഴില്ല. ആ പെർമിറ്റ് ഉപയോഗിച്ചുകൊണ്ട്, യഥാർത്ഥത്തിൽ കിട്ടേണ്ട ആളുകളുടെ മണ്ണെണ്ണ ഇല്ലാതാക്കാനുള്ള നടപടികളിലേയ്ക്ക് അവർ തിരിഞ്ഞു. അതിനു വേണ്ടിയാണ് 16.1.2000-ത്തിൽ ഒറ്റദിവസം കൊണ്ട് വെരിഫിക്കേഷൻ നടത്തിയത്. എന്നാൽ ആവശ്യത്തിനുള്ള മണ്ണെണ്ണ കേന്ദ്രത്തിൽനിന്നു ലഭിക്കു ന്നുമില്ല. ഈ കുറവ് പരിഹരിക്കാൻ മത്സ്യഫെഡ് വഴി ഓപ്പൺ മാർക്ക റ്റിൽനിന്നും മണ്ണെണ്ണ വാങ്ങി വിതരണം ചെയ്യാൻ നടപടി നടന്നുവരികയാണ്. മത്സ്യഫെഡിന്റെ കൈയിൽ വരുന്ന ഏതെങ്കിലും സബ്സിഡി നിർത്തലാ ക്കാൻ തീരുമാനിച്ചിട്ടില്ല. നിലവിൽ മത്സ്യഫെഡിന് നൽകിവരുന്ന എൻ.സി.ഡി. സി. പദ്ധതിക്ക് 22 ശതമാനം സർക്കാർ സബ്സിഡി നൽകുന്നുമുണ്ട്.

(7) പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. ബാബു : സർ, നമ്മുടെ സംസ്ഥാനത്ത് റേഷൻകാർഡ് കിട്ടുക എന്നുള്ളതു വളരെ അസാധ്യമായ ഒരു കാര്യമായി തീർന്നിരിക്കുകയാ ണ്. പുതിയ കാർഡിനുവേണ്ടി അപേക്ഷിക്കുന്ന ആളുകൾക്ക് കാർഡ് നൽകു ന്നില്ല. കുടുംബ കാർഡുകളിൽനിന്ന് സ്പ്ലിറ്റ് ചെയ്തു പുതിയ കാർഡിന് അപേക്ഷിക്കുന്നവർക്കും കാർഡ് കിട്ടുന്നില്ല. നമ്മുടെ സംസ്ഥാനത്തെ മിക്ക

LIBRARY ARCHIVES Kerala Legislative Assembly

വാറും താലൂക്കുകളിൽ അച്ചടിച്ച കാർഡുകൾ ഇപ്പോഴില്ല. താൽക്കാലിക കാർഡ് കൊടുക്കുന്നതുകൊണ്ട് പ്രയോജനവുമില്ല. എം.എൽ.എ.മാർ സർട്ടിഫിക്കറ്റ് കൊടുത്താൽ കാർഡ് കൊടുക്കാമെന്നൊരു വ്യവസ്ഥ മുമ്പുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ എം.എൽ.എ.മാരുടെ കത്തു കാണിച്ചാലും കാർഡ് ഇഷ്യൂ ചെയ്യേണ്ടതില്ലെന്ന ഒരു അലിഖിതമായ നിർദ്ദേശം മുകളിൽനിന്നും പോയിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. റേഷൻ കാർഡ് ഇല്ലാതെ പാസ്പോർട്ട് എടുക്കാൻ കഴിയില്ല. ഗ്യാസ് കണക്ഷനെടുക്കണമെങ്കിലും റേഷൻ കാർഡുവേണം. ജനകീയാസൂത്രണത്തിന്റെ ആനുകൂല്യങ്ങൾ കിട്ടണമെങ്കിലും റേഷൻ കാർഡുവേണം. അതുകൊണ്ട് റേഷൻ കാർഡിന് അപേക്ഷിക്കുന്ന ആളുകൾക്ക് എല്ലാവർക്കും റേഷൻ കാർഡ് കൊടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. 1985-ലാണ് നമ്മുടെ സംസ്ഥാനത്ത് സെൻസസ് നടന്നത്. റേഷൻ കാർഡ് കൊടുക്കുന്നതിനുവേണ്ടിയുള്ള അടുത്ത സെൻസസ് 2001-ലാണ് നടത്താൻ പോകുന്നതെന്നു പറഞ്ഞുകേൾക്കുന്നു. അടിയന്തിരമായി, അപേക്ഷിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനും സെൻസസ് അടിയന്തിരമായി നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അദ്ദേഹം പറഞ്ഞതരത്തിലുള്ള ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നുള്ളതു ശരിയാണ്. ആ പ്രശ്നം ഉണ്ടാകാൻ കാരണം, റേഷൻ കാർഡുകൾ ഇല്ലാത്തതുകൊണ്ട് പുതിയ കാർഡുകൾ പ്രിന്റുചെയ്യാൻ ഗവൺമെന്റ് പ്രസ്സുകൾക്ക് കൊടുത്തിരിക്കുന്നു, അവർ തിരികെക്കൊടുക്കുന്നതിൽ ധാരാളം കാലതാമസം വന്നുവെന്നു മാത്രമല്ല, ഇതുവരെ പ്രിന്റു ചെയ്തു കിട്ടിയിട്ടുമില്ല. അതുകൊണ്ട് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരെയും വിളിച്ചുകൂട്ടിയപ്പോൾ, മുപ്പത്തിയാറായിരത്തോളം പെന്റിംഗ് ആപ്ലിക്കേഷനുകൾ കെട്ടിക്കിടപ്പുണ്ടെന്ന് അവർ പറഞ്ഞു. അതുകൊണ്ട് ഒരു സൊല്യൂഷനായി എടുത്ത് പുതിയ കാർഡ് പ്രിന്റുചെയ്തു വരുന്നതുവരെ ഡിസ്ട്രിക്ട് സപ്ലൈ ഓഫീസർമാർ തന്നെ ലോക്കലായി പ്രിന്റുചെയ്തു ഈ അരിയേഴ്സ് വന്നതുമുഴുവൻ ഒരു ആഴ്ചയ്ക്കകം കൊടുത്തുതീർക്കണമെന്നാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. അതിനുള്ള സമയമായി. ഞാൻ അതു വെരിഫൈ ചെയ്യുന്നുണ്ട്. അവർ തന്നെ പ്രിന്റ് ചെയ്ത് കൊടുക്കാനാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. അതുകൊണ്ട് പരാതിക്കിടമില്ല. വേറെ കാർഡു വരുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. എവിടെയെങ്കിലും ഇനി താമസം വരുന്നുണ്ടെങ്കിൽ അതറിയിച്ചാൽ ആ ഡിസ്ട്രിക്ടിൽ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഡയറക്ടറോട് ബാക്ക് ലോഗ് എത്ര എണ്ണമുണ്ട്, അതു തീർത്തോ എന്നു ചോദിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മാത്രവുമല്ല ഡയറക്ടറോട് ആഴ്ചതോറും പരിശോധിക്കാൻ നിർദ്ദേശവും കൊടുത്തിട്ടുണ്ട്. സെൻസസ് 2000-ാമാണ്ടിൽ എടുക്കുന്നുണ്ട്. പുതിയ കാർഡ് അതനുസരിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(8) കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തേണ്ടതു സംബന്ധിച്ച്

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെടുത്തുന്നതിനും പരിഹാര

LIBRARY ARCHIVES Kerala Legislative Assembly